പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2230 — 15.7.2011-ൽ മറുപടിക്കുള്ളത്

## ഹൈക്കോടതിയിൽ മിച്ചഭൂമി സംബന്ധിച്ച കേസ്സുകൾ

**ചോദ്യം**

ശ്രീ. മുല്ലക്കര രത്നാകരൻ;

ശ്രീ. കെ.രാജു ;

ശ്രീമതി. ഗീതാ ഗോപി ;

ശ്രീ.പി.തിലോത്തമൻ

**മറുപടി**

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ

(റവന്യൂ വകുപ്പ് മന്ത്രി)

| ചോദ്യം | നൽകിയ മറുപടി | അന്തിമ മറുപടി |
|---|---|---|
| (എ) ഹൈക്കോടതിയിൽ മിച്ചഭൂമി സംബന്ധിച്ച എത്ര കേസ്സുകൾ നിലവിലുണ്ട്; ഇവയുടെ ജില്ല തിരിച്ചുള്ള എണ്ണം വ്യക്തമാക്കുമോ; | (എ) ജില്ലാ കളക്ടർമാർ സമർപ്പിച്ച റിപ്പോർട്ടുകൾ പ്രകാരം, ബഹു.ഹൈക്കോടതിയിൽ മിച്ചഭൂമി സംബന്ധിച്ച 328 കേസുകൾ നിലവിലുണ്ട്. പ്രസ്തുത കേസുകളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം ഒന്നായി ചേർത്തിട്ടുണ്ട്: | |
| (ബി) ഹൈക്കോടതി കേസ്സുകളിൽപ്പെട്ട എത്ര ഏക്കർ മിച്ചഭൂമിയാണ് ഏറ്റെടുക്കാൻ കഴിയാതെ പോയതെന്ന് വെളിപ്പെടുത്തുമോ; | (ബി) ടി വിവരം 8 ജില്ലകളിൽ നിന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. ഇപ്രകാരം ലഭ്യമായിട്ടുള്ള വിവരം ജില്ല തിരിച്ച് അനുബന്ധം രണ്ടായി ചേർക്കുന്നു: റിപ്പോർട്ട് ലഭ്യമാക്കാത്ത ജില്ലകളിൽ നിന്ന് എത്രയും പെട്ടെന്ന് വിവരം ലഭ്യമാക്കി അന്തിമ മറുപടി സമർപ്പിക്കുന്നതാണ്. | മുമ്പ് നൽകിയിട്ടുള്ള 8 ജില്ലകൾക്ക് പുറമേ ബാക്കിയുള്ള 6 ജില്ലകളിലെ വിവരങ്ങൾ കൂടി ഇതോടൊന്നിച്ചുള്ള അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാന ലാൻഡ് ബാങ്കിൽ എത്ര ഹെക്ടർ സ്ഥലം വിതരണം ചെയ്യാതെ കിടപ്പുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | നാളിതുവരെ 25730 ലാന്റ് പാഴ്സലുകളിലായി 71236.14.94 ഹെക്ടർ ഭൂമിയുടെ വിവരശേഖരണം നടത്തിയിട്ടുള്ളതും വിശദാംശം http//Kslb. Kerala.gov. എന്ന വെബ്സൈറ്റിൽ പൊതുജനങ്ങളുടേയും ഡിപ്പാർട്ടുമെന്റുകളുടെയും അറിവിലേയ്ക്കായി പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. സർവ്വെ സ്കെച്ച് ഫോട്ടോ ഉൾപ്പെടെയുള്ള വിവരശേഖരണം 5484 കേസുകളിൽ മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. പൂർണ്ണ രീതിയിലുള്ള വിവരശേഖരണവും അതിനുശേഷമുള്ള വർഗ്ഗീകരണവും നടത്തിയാലെ പതിച്ചുകൊടുക്കുവാൻ കഴിയുന്ന ഭൂമി എത്രയാണെന്ന് കൃത്യമായ കണക്കെടുപ്പ് സാദ്ധ്യമാവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

# അനുബന്ധം-1

| | ജില്ല | | കേസുകളുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | - | 8 |
| 2 | കൊല്ലം | - | 3 |
| 3 | പത്തനംതിട്ട | - | 8 |
| 4 | ആലപ്പുഴ | - | 8 |
| 5 | കോട്ടയം | - | 2 |
| 6 | ഇടുക്കി | - | 4 |
| 7 | എറണാകുളം | - | 10 |
| 8 | തൃശ്ശൂർ | - | 17 |
| 9 | പാലക്കാട് | - | 94 |
| 10 | മലപ്പുറം | - | 40 |
| 11 | കോഴിക്കോട് | - | 25 |
| 12 | വയനാട് | - | 13 |
| 13 | കണ്ണൂർ | - | 47 |
| 14 | കാസർഗോഡ് | - | 49 |
| | **ആകെ** | - | 328 |

# അനുബന്ധം-2

| | ജില്ല | | വിസ്തീർണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | - | 114.94-641 ഏക്കർ |
| 2 | എറണാകുളം | - | 357.41-832 ഏക്കർ |
| 3 | മലപ്പുറം | - | 572.37-900 ഏക്കർ |
| 4 | കോഴിക്കോട് | - | 888.68-130 ഏക്കർ |
| 5 | വയനാട് | - | 947.52-000 ഏക്കർ |
| 6 | കണ്ണൂർ | - | 396.06-520 ഏക്കർ |
| 7 | കാസർഗോഡ് | - | 1166.84-000 ഏക്കർ |
| 8 | ആലപ്പുഴ | - | 154.93-198 ഏക്കർ |
| 9 | പത്തനംതിട്ട | | ഇല്ല |
| 10 | കോട്ടയം | | 38.03-000 ഏക്കർ |
| 11 | തൃശൂർ | | 174.11-000 ഏക്കർ |
| 12 | പാലക്കാട് | | 1052.54-000 ഏക്കർ |
| 13 | കൊല്ലം | | 9.70-750 ഏക്കർ |
| 14 | ഇടുക്കി | | 1604.38.476 ഏക്കർ |
| | **ആകെ** | - | 7477.55-447 **ഏക്കർ** |

S.O.